**അനുബന്ധം**

**ശ്രദ്ധക്ഷണിക്കൽ**

<u>സംസ്ഥാനത്തെ ഐ.ടി. മേഖലയിലും ആരോഗ്യ മേഖലയിലുമുൾപ്പെടെ ജോലി ചെയ്യുന്ന സ്ത്രീകളുടെ രാത്രികാല യാത്രാസുരക്ഷ ഉറപ്പാക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കലിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ</u>

സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിന് സംസ്ഥാന പോലീസ് നിരവധി പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. രാത്രികാലങ്ങളിൽ പൊതുഗതാഗത സംവിധാനങ്ങളെ ആശ്രയിച്ച് സഞ്ചരിക്കേണ്ടിവരുന്നതും തൊഴിലിനും പഠനത്തിനും ചികിത്സയ്ക്കും മറ്റ് ഇതര ആവശ്യങ്ങൾക്കുമായി ഒറ്റയ്ക്ക് യാത്ര ചെയ്യേണ്ടിവരുന്നവരുമായ സ്ത്രീകളുടെ സുരക്ഷയ്ക്ക് പോലീസിന്റെ അടിയന്തര സേവനം ലഭ്യമാക്കുന്നതിനുള്ള 'നിർഭയ നിശ' പദ്ധതിക്ക് ഇന്ന് തുടക്കമാവുകയാണ്. വിവിധ സ്ഥാപനങ്ങളിൽ രാത്രി ഷിഫ്റ്റുകളിൽ ജോലിക്കായി യാത്ര ചെയ്യുന്നവരുൾപ്പെടെയുള്ളവരുടെ സുരക്ഷ മുൻനിർത്തി പൊതു ഇടങ്ങളിൽ ശക്തമായ പിങ്ക് പട്രോൾ ഉൾപ്പെടെ പോലീസ് പട്രോളിങ് നിലവിലുണ്ട്. അടിയന്തര ഘട്ടങ്ങളിൽ POL APP-ന്റെ

സേവനവും ലഭ്യമാണ്. സുരക്ഷിതത്വമില്ലായ്മ അനുഭവപ്പെടുന്ന ഘട്ടത്തിൽ മൊബൈൽ ഫോണിൽനിന്ന് പോലീസിനെ ബന്ധപ്പെടാൻ SOS (Save Our Soul) സംവിധാനവും നിലവിലുണ്ട്. ഇതിനുപുറമെ 24 മണിക്കൂറും പ്രവർത്തിക്കുന്ന എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റവും (ERSS) പ്രവർത്തിച്ചുവരുന്നു. 112 എന്ന ടോൾ ഫ്രീ നമ്പറിന് പുറമെ 1091, 1099 എന്നീ ഹെൽപ്‌ലൈൻ നമ്പരുകളിലും നിർഭയ ആപ്പിലൂടെയും അടിയന്തര സേവനം ലഭ്യമാണ്. ഈ സംവിധാനങ്ങളെയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് ആരംഭിക്കുന്ന പദ്ധതിയാണ് 'നിർഭയ നിശ'. രാത്രി 9 മണി മുതൽ രാവിലെ 5 മണി വരെയുള്ള സമയത്ത് യാത്ര ചെയ്യുന്ന ഏതൊരു വനിതയ്ക്കും ഇതിന്റെ സേവനം ലഭ്യമാവും. നിലവിൽ ലഭ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ആധുനിക സാങ്കേതിക വിദ്യയും ഏകോപിപ്പിച്ച് സമഗ്രവും ഏകീകൃതവുമായ സംവിധാനത്തിലൂടെ, കൃത്യമായ നിരീക്ഷണം നടത്തി കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള സാഹചര്യം ഒരുക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.